ശ്രീ. ടി. കെ. ദിവാകരൻ : അതുസംബന്ധിച്ചു എന്താണു ഈ ഗവണ്മെൻറിന്റെ അഭിപ്രായം?

ശ്രീ. കെ. ഐ. വേലായുധൻ : അതുസംബന്ധിച്ചു തൽക്കാലം അഭിപ്രായം രൂപീകരിക്കപ്പെട്ടുകയുണ്ടായില്ല. ആവശ്യമുണ്ടോയെന്നു തീരുമാനവും ചെയ്തിട്ടില്ല. അങ്ങനെ ഒരു തീരുമാനം ഉണ്ടാകാതെ സെൻട്രൽ ഗവണ്മെൻറു ഒരു തീരുമാനം എടുക്കരുതെന്നു അറിയിച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ ഗവണ്മെൻറിന്റെ അഭിപ്രായം അങ്ങനെ ഒരു ബോർഡു് രൂപീകരിക്കണമെന്നാണോ, അതോ, വേണ്ടെന്നാണോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതു തീരുമാനിക്കപ്പെട്ടിട്ടില്ല എന്നു പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. കെ. ദിവാകരൻ : പല സ്റ്റേറുകളിലും ഇലക്ട്രിസിറ്റി ബോർഡുകൾ രൂപീകരിച്ചിട്ടുള്ളതായറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അറിവില്ല.

വിദ്യുച്ഛക്തി വിതരണം.

* 91. [43] ശ്രീ. പി. കേശവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955–56 സാമ്പത്തികവർഷത്തിൽ വിദ്യുച്ഛക്തി വിതരണത്തിനു എന്തു തുക നീക്കിവച്ചിരുന്നു;

(ബി) ടി സംഖ്യയിൽ എന്തെങ്കിലും സംഖ്യ ലാപ്സാകുമെന്നു ഗവണ്മെൻറു പ്രതീക്ഷിക്കുന്നുണ്ടോ;

(സി) അനുവദിക്കപ്പെട്ട സംഖ്യ ലാപ്സാകുവാൻ ഹേതുവായ കാരണങ്ങൾ എന്തെല്ലാം?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. പ്പൊ. വേലായുധൻ) :

(എ) 6 ലക്ഷം രൂപ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മിനിമം വേജസ്.

* 92. [44] ശ്രീ. പി. കെ. ചാത്തൻ : † താഴെകാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വ്യവസായങ്ങളിൽ മിനിമം വേജസ് ഏർപ്പെടുത്താത്തതായി ഇനിയും സംസ്ഥാനത്തു അവശേഷിക്കുന്നു എന്നു പറയാമോ;

(ബി) ഓടുവ്യവസായത്തിൽ "മിനിമം വേജ്" നടപ്പാക്കണമെന്നു് എന്തെങ്കിലും നിവേദനങ്ങൾ ഗവണ്മെൻറിൽ കിട്ടിയിട്ടുണ്ടോ;

(സി) ഓടുവ്യവസായത്തിൽ മിനിമം വേജ് നടപ്പാക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടു്; ഉണ്ടെങ്കിൽ എപ്പോൾ?

† As the member was absent the Question was put by Shri C. C. Ayyappan with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly